(ബി) ഉണ്ട്. സ്പെഷ്യൽ റൂൾസിന്റെ അഭാവത്താലാണ് ഈ അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത്. നിലവിൽ മൂന്ന് ഗസ്റ്റ് ലക്ചർമാർ സ്കൾപ്ച്ചർ വിഭാഗത്തിൽ ജോലി ചെയ്യുന്നു.

(സി) പി. എസ്. സി. വഴി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിന് നടപടികൾ

154 [753] ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി കേന്ദ്രം എന്ത് തുക അനുവദിച്ചു;

(സി) അനുവദിച്ച തുകയിൽ എന്തു തുക ചെലവായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പരമ്പരാഗത രീതിയിൽ ഒരു ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. നിലവിലുള്ള കേരള എഡ്യൂക്കേഷൻ ഗ്രിഡ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്, എഡ്യൂസാറ്റ്, നിർദ്ദിഷ്ട വെർച്വൽ യൂണിവേഴ്സിറ്റി എന്നിവ ഒരു നേതൃത്വത്തിൻകീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ഉദ്ദേശവും ഇതിലൂടെ നിർവ്വഹിക്കാൻ കഴിയുമെന്നാണ് പ്രത്യാശിക്കുന്നത്. ഇതിനായി ഒരു പ്രോജക്ട് റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ ചർച്ചകളും പരിശോധനകളും ആവശ്യമാണ്. അതിനുശേഷം മാത്രമേ തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ.

(ബി)യും (സി)യും കേന്ദ്രം തുകയൊന്നും അനുവദിച്ചിട്ടില്ല.

യൂണിവേഴ്സിറ്റികളിൽ ഉയർന്ന തസ്തികകൾ നികത്തുന്നതിനുള്ള നടപടി

155 [754] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ ഉയർന്ന തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) അവ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിൽ വൈസ് ചാൻസലർമാർ, പ്രോ-വൈസ് ചാൻസലർമാർ, പരീക്ഷാ കൺട്രോളർമാർ, രജിസ്ട്രാർമാർ എന്നിവരുടെ ഒഴിവുള്ള തസ്തികകൾ നികത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly